പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2410 05.02. 2018 ൽ മറുപടിക്ക്

## കസ്റ്റമർ കെയർ ആരംഭിക്കുവാൻ വൈദ്യുതി വകുപ്പ് സ്വീകരിച്ച നടപടികൾ

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഇരിമ്പിളിയം (Irimbiliyam) ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുമെന്ന് പറഞ്ഞിരുന്ന കസ്റ്റമർ കെയർ ആരംഭിക്കുവാൻ വൈദ്യുതി വകുപ്പ് എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;<br>(ബി) പ്രദേശവാസികളുടെ ദീർഘ കാലത്തെ ആവശ്യമായിരുന്ന കസ്റ്റമർ കെയർ സെന്ററോ വൈദ്യുതി സെക്ഷൻ ഓഫീസോ ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (എ)&(ബി) വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടർ കൂടാതെ ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ബോർഡ് ഒരുക്കിയിട്ടുണ്ട്. ഇതിനാൽ സെക്ഷൻ ഓഫീസിൽ നേരിട്ട് പോകാതെ ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്തി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാധിക്കും. ഇത് കൂടാതെ അക്ഷയകേന്ദ്രങ്ങൾ, NACH സംവിധാനം എന്നിവ വഴിയും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ട്. മാത്രമല്ല, ബോർഡ് നടപ്പിലാക്കിയ 'ഒരുമ നെറ്റ്' വഴി ഏത് സെക്ഷൻ ഓഫീസിലും ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ സാധിക്കും. പുതിയ കണക്ഷനുകൾ, മറ്റു വൈദ്യുതി സേവനങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണനനൽകുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ജില്ലാ കേന്ദ്രങ്ങളിലാണ് തുടക്കത്തിൽ കസ്റ്റമർ കെയർ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇത് വിജയകരമെന്നു കണ്ടാൽ ആവശ്യമുള്ള കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് പരിശോധിക്കും. വൈദ്യുതി സേവനങ്ങൾ കാര്യക്ഷമമായി ലഭ്യമാക്കുന്നതിന് നടപ്പിലാക്കിവരുന്ന വിവിധ നടപടികളുടെ സാഹചര്യത്തിൽ പുതുതായി ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ